തർബിയത്ത്

●

ജമാൽ കടന്നപ്പള്ളി

# തീവ്രവാദം അരുത്

**ഇസ്‌ലാമിക** പ്രബോധകർ സ്വീകരിക്കേണ്ടത് മിതവും സന്തുലിതവുമായ സമാധാനത്തിന്റെ മാർഗമാണ്. നാടിന്റെ ശാന്തി തകർക്കുന്നതോ നിയമവാഴ്ചയെ വെല്ലുവിളിക്കുന്നതോ ആയ ഒരു ശൈലിയും അവർക്ക് പാടില്ല. അത്തരം തീവ്രവാദ-ഭീകരവാദ പ്രവർത്തനങ്ങൾ ഇസ്‌ലാമിന് അന്യമാണ്. മക്കയാണ് ഇതിന്റെ ഏറ്റവും നല്ല ഉദാഹരണം. അമ്മാറും യാസിറും സുമ്മയ്യ(റ)യുമെല്ലാം ശത്രുക്കളാൽ അതിഭീകരമായി മർദിക്കപ്പെട്ടിട്ടും നബി(സ) ഒരു തിരിച്ചടിയെക്കുറിച്ച് ചിന്തിച്ചില്ല. തീവ്രവാദ ശൈലിയോ ഭീകരവാദങ്ങളോ അംഗീകരിച്ചില്ല. മക്കയിൽ മുസ്‌ലിംകൾ അനുഭവിക്കുന്ന പീഡനങ്ങളുടെ തലച്ചോർ അബൂജഹ്‌ലാണെന്ന കാര്യം സുവിദിതമാണ്. അതുകൊണ്ടുതന്നെ ആ കൊടും ഭീകരനെ 'തട്ടി'യാൽ പ്രശ്നം അവസാനിക്കുമായിരുന്നു. പക്ഷേ അബൂജഹ്‌ലിന്റെ തലയെടുക്കാനല്ല, പ്രത്യുത അവസാനനിമിഷം വരെ അയാളുടെ മാനസിക പരിവർത്തനത്തിനു വേണ്ടിയായിരുന്നു നബി(സ) പണിയെടുത്തത്. ഇതായിരിക്കണം എക്കാലത്തും പ്രബോധകരുടെ മാർഗം.

ഇസ്‌ലാം മിതത്വത്തിന്റെ മതമാണ്. വിശുദ്ധ ഖുർആൻ പറഞ്ഞു: "അപ്രകാരം നിങ്ങളെ നാം ഒരു മിത സമുദായമാക്കിയിരിക്കുന്നു. നിങ്ങൾ ലോക ജനതക്ക് സാക്ഷികളാകാൻ വേണ്ടി; ദൈവദൂതൻ നിങ്ങൾക്ക് സാക്ഷിയാകാൻ വേണ്ടിയും" (*അൽബഖറ* 143). അതിനാൽ മിതത്വമാണ് ശീലിക്കേണ്ടതാണ്. ഇതേ മാർഗത്തെ തന്നെയാണ് വിശുദ്ധ ഖുർആൻ 'നേർമാർഗം' (സ്വിറാത്തുൻ മുസ്തഖീം) എന്നു വിളിച്ചതും. അഥവാ സമാധാനപരമായ ആശയ സമരത്തിലൂന്നിയ നേർമാർഗം. 'മതത്തിൽ യാതൊരു ബലാൽക്കാരവുമില്ല' (*അൽബ*

*ഖറ* 256) എന്ന ഖുർആനിക പ്രഖ്യാപനം കൂടി ഇതോടു ചേർത്തുവായിക്കുക. മതമെന്നാൽ എടുത്തുചാട്ടത്തിന്റെയും വൈകാരിക വിക്ഷുബ്ധതയുടെയും പേരല്ലെന്നർഥം. പ്രത്യുത വികാര വിചാരങ്ങളെ ചിട്ടപ്പെടുത്തി (തസ്കിയത്ത്,തർബിയത്ത്) ബുദ്ധിയും ചിന്തയും സർഗാത്മക കഴിവുകളും ഉപയോഗപ്പെടുത്തി സ്വയം നന്നാവുകയും മറ്റുള്ളവരെ നന്നാക്കുകയും ചെയ്യാൻ പണിയെടുക്കുന്നതിന്റെ പേരാണ്. കൊല്ലലും കൊല്ലിക്കലുമെല്ലാം ബുദ്ധിശൂന്യ നിമിഷത്തിന്റെ സൃഷ്ടിയത്രെ. മൂല്യനിഷ്ഠമായ ജീവിതമാവട്ടെ, ഏറെ ത്യാഗനിർഭരമായ ജോലിയാണ്. 'ജിഹാദുന്നഫ്സ്' (സ്വന്തത്തിനെതിരായ പോരാട്ടം) ധർമ സംസ്ഥാപനത്തിനുള്ള സായുധ സമരത്തേക്കാൾ കഠിനതരമാണെന്ന പ്രവാചകൻ(സ) അരുൾ ചെയ്തതിന്റെ പൊരുളും മറ്റൊന്നല്ല.

ഇസ്‌ലാമിനെ ഭീകരതയും തീവ്രവാദവുമായി മുദ്രയടിക്കാൻ ദീനിന്റെ ശത്രുക്കൾ എക്കാലത്തും 'ജിഹാദ്' എന്ന ധർമസമരത്തെ തെറ്റായി വ്യാഖ്യാനിക്കാറുണ്ട്. ദൗർഭാഗ്യമെന്നു പറയട്ടെ, മതത്തിൽ വേണ്ടത്ര അവഗാഹമില്ലാത്ത ചില മുസ്‌ലിം യുവാക്കളും ഇവ്വിധം ജിഹാദിനെ തെറ്റിദ്ധരിക്കുകയും ശത്രുക്കൾ വിരിച്ച വലയിൽ വീഴുകയുംചെയ്യുന്നു. സത്യത്തിൽ സന്ദർഭമനുസരിച്ച് അർഥവ്യത്യാസം വരുന്ന ഒരു ഖുർആനിക സംജ്ഞയാണ് ജിഹാദ്. അതുകൊണ്ടാണ് മക്കയിൽ വെച്ച് 'ഇത്(ഖുർആൻ) കൊണ്ട് ജിഹാദ് ചെയ്യുക'എന്ന് അല്ലാഹു കൽപിച്ചത് (*ഫുർഖാൻ* 52). മദീനയിൽ ഇസ്‌ലാമിക രാഷ്ട്രം നിലവിൽ വന്നപ്പോഴാവട്ടെ അത് സായുധ പ്രതിരോധത്തിന്റെ രൂപം പ്രാപിച്ചു. അഥവാ ദുർബലാവസ്ഥയും ആരോഗ്യാവസ്ഥയും രണ്ടാണ്. ശൈശവവും യൗവ്വനവും ഒന്നല്ല. കേരളീയർ ഇറാനികളെ പോലെ ചിന്തിക്കാവതല്ല. ഇന്ത്യയെ ഇറാഖുമായി താരതമ്യം ചെയ്യാവതുമല്ല. ചുരുക്കത്തിൽ ഏറെ ബുദ്ധി ഉപയോഗിച്ചും പ്രമാണയുക്തമായും സമീപിക്കേണ്ട ജിഹാദ് എന്ന ഇസ്‌ലാമിക സാങ്കേതിക ശബ്ദത്തെ ചിലരുടെ ദേഹേഛക്കൊത്തും സങ്കുചിത സാമുദായിക-പാർട്ടി പക്ഷപാതിത്വത്തിനൊത്തും വ്യാഖ്യാനിക്കുന്നത് ഗുരുതരമായ പാപമാണ്.

സമാധാനത്തിന്റെയും ശാന്തിയുടെയും മതമാണ് ഇസ്‌ലാം. ഇസ്‌ലാം എന്ന പദത്തിന്റെ ഒരർഥം തന്നെ സമാധാനമെന്നത്രെ. അത് മനുഷ്യമനസ്സിൽ ശാന്തി നിറക്കുന്നു. കുടുംബത്തിലും സമൂഹത്തിലും രാഷ്ട്രത്തിലും ശാന്തി നിറക്കുന്നു. ഇസ്‌ലാം യുദ്ധം ചെയ്തതുപോലും സമാധാനത്തിനു വേണ്ടിയാണ്; അതും കൃത്യവും ശക്തവുമായ ഒരു രാഷ്ട്രമായതിനു ശേഷം. മാത്രമല്ല, അത്തരം ധർമയുദ്ധങ്ങളിൽ പോലും നിരപരാധികൾ വധിക്കപ്പെടരുതെന്നും സ്ത്രീകളും കുട്ടികളും ആക്രമിക്കപ്പെടരുതെന്നും വൃക്ഷങ്ങളും മൃഗങ്ങളുമൊന്നും നശിപ്പിക്കപ്പെടരുതെന്നും നിബന്ധനയും വെച്ചു; ശത്രുക്കൾ 'സന്ധിയിലേക്ക് ചാഞ്ഞാൽ' അംഗീകരിക്കണമെന്നും.

തീവ്രതയെ അതിന്റെ സർവ വിശദാംശങ്ങളോടു കൂടിയും ഇസ്‌ലാം നിരോധിച്ചിട്ടുണ്ട്. അതിരുകവിയൽ (ഗുലുവ്), പിടിവാശി (തനത്തുഅ്), കടുംപിടുത്തം (തശ്ദീദ്) തുടങ്ങിയവയെ ആക്ഷേപിക്കുന്ന ഒട്ടനവധി പ്രമാണങ്ങൾ ഉദ്ധരിക്കാൻ പറ്റും. നബി(സ) അരുൾ ചെയ്യുന്നു: "നിങ്ങൾ മതത്തിൽ അതിര് കവിയുന്നത് കരുതിയിരിക്കുക. അതാണ് പൂർവികരെ നശിപ്പിച്ചത്" (അഹ്മദ്). ഖുർആൻ പറഞ്ഞു: "വേദക്കാരേ, നിങ്ങൾ സ്വന്തം മതത്തിൽ അമിതത്വം കാണിക്കരുത്" (*അന്നിസാഅ്* 171). "പറയുക, വേദക്കാരേ, നിങ്ങൾ സ്വന്തം മതത്തിൽ അന്യായമായി അമിതത്വം കാണിക്കരുത്. നിങ്ങൾക്ക് മുമ്പ് സ്വയം ദുർമാർഗികളായിത്തീർന്നൊരു ജനതയുടെ ഭാവനകളെ പിൻപറ്റരുത്. അക്കൂട്ടർ അനേകരെ ദുർമാർഗത്തിലാക്കി. സ്വയം സത്യ

ത്തിൽനിന്നു വ്യതിചലിച്ചു" (*അൽമാഇദ* 77). ഉദ്ദേശ്യം വ്യക്തമാണ്. ലോകത്ത് ഏറ്റവും കൂടുതൽ ഭീകരത സൃഷ്ടിച്ചത് ചില ജൂത, ക്രൈസ്തവ വിഭാഗങ്ങളാണ്. റോമാ സാമ്രാജ്യത്വത്തിന്റെ ചെയ്തികൾ മുതൽ ഒന്നും രണ്ടും ലോകയുദ്ധങ്ങളും നവ അമേരിക്കൻ അധിനിവേശങ്ങളുമൊക്കെ ഉദാഹരണം. തീവ്രവാദത്തിന്റെയും ഭീകര പ്രവർത്തനങ്ങളുടെയും കാര്യത്തിൽ അവരെ പിൻപറ്റരുതെന്നാണ് മേൽകൊടുത്ത സൂക്തം ഉണർത്തുന്നത്. ഖേദകരമെന്നു പറയട്ടെ, മുസ്‌ലിംകളിൽ ഒരു വിഭാഗം ഇന്നും പ്രവാചകൻ പ്രവചിച്ചതുപോലെ വേദക്കാരെ ചാണിനു ചാണായും മുഴത്തിനു മുഴമായും അനുകരിച്ചുകൊണ്ടിരിക്കുന്നു.

ഇന്ത്യ പോലുള്ള ഒരു ബഹുസ്വര സമൂഹത്തിൽ, ഭൂരിപക്ഷം മനുഷ്യർക്കും ഇസ്‌ലാമിക പ്രബോധനം പോലും എത്താതിരിക്കേ, സായുധ പ്രതിരോധമെന്ന ആശയം തികച്ചും തെറ്റും ബുദ്ധിശൂന്യവും സർവോപരി ഇസ്‌ലാമിക പ്രമാണങ്ങൾക്ക് നിരക്കാത്തതുമാണെന്ന് പ്രശസ്ത ഇസ്‌ലാമിക പണ്ഡിതൻ യൂസുഫുൽ ഖറദാവി ഫത്‌വ നൽകിയിട്ടുണ്ട് (ഫത്‌വയുടെ പൂർണ രൂപം 3.3.2007-ലെ *പ്രബോധനം* പ്രസിദ്ധീകരിച്ചിട്ടുണ്ട്).

നവോത്ഥാന നായകൻ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി വർഷങ്ങൾക്കു മുമ്പുതന്നെ തീവ്രവാദങ്ങൾക്കും ഭീകരവാദങ്ങൾക്കുമെതിരെ കർക്കശമായി പ്രതികരിച്ചിട്ടുണ്ട്. അദ്ദേഹം എഴുതുന്നു: "രഹസ്യമാർഗങ്ങളിലൂടെ ഭരണഘടനാ വിരുദ്ധമായ വഴികൾ സ്വീകരിക്കുകയാണെങ്കിൽ അനന്തരഫലങ്ങൾ കൂടുതൽ ആപത്കരമാവും. രഹസ്യ സംഘടനകളിൽ ചില വ്യക്തികൾ സർവാധികാരികളായിത്തീരും. അനന്തരം പ്രസ്ഥാനം അഥവാ സംഘടന മുഴുവനും അയാളുടെ ഇംഗിതത്തിനനുസരിച്ചായിരിക്കും ചലിക്കുക". വീണ്ടും എഴുതുന്നു: "എല്ലാ അപകടങ്ങളെയും നഷ്ടങ്ങളെയും സഹിച്ചുകൊണ്ട് സമാധാന മാർഗത്തിലൂടെ സത്യവാക്യം ഉയർത്തിപ്പിടിക്കുകയാണ് വേണ്ടത്. അതിന്റെ ഫലമായി തടവറയിൽ കഴിയേണ്ടിവന്നാലും കൊലമരത്തിൽ കയറേണ്ടിവന്നാലും ശരി" (*തസ്‌രീഹാത്ത്*). മൗലാന മൗദൂദി യുവാക്കൾക്ക് നൽകിയ വസിയ്യത്ത് കാണുക: "എന്റെ അവസാനത്തെ ഉപദേശമാണിത്: നിങ്ങൾ രഹസ്യ സംഘടനകൾ നടത്തുകയോ സായുധ വിപ്ലവത്തിന് ശ്രമിക്കുകയോ ചെയ്യരുത്. ഇതും അക്ഷമയുടെയും ധൃതിയുടെയും മറ്റൊരു രൂപമാണ്. ഫലം കണക്കിലെടുക്കുമ്പോൾ മറ്റു രൂപങ്ങളേക്കാൾ വിനാശകരവും" (*തഫ്ഹീമാത്ത്.* ഉദ്ധരണം: *ജിഹാദ്*, പേജ് 12,13). ഇസ്‌ലാമിന്റെ ശക്തിസൗന്ദര്യമായ സന്തുലിത ചിന്ത നഷ്ടപ്പെടുന്നേടത്താണ് തീവ്രവാദ സമീപനങ്ങൾ പൊട്ടിമുളക്കുന്നതെന്നാണ് മൗദൂദിയുടെ നിരീക്ഷണം. ഇതേക്കുറിച്ച് *പ്രസ്ഥാനവും പ്രവർത്തകരും* എന്ന കൃതിയിൽ 'തീവ്രവാദം' എന്ന ശീർഷകത്തിൽ നാലര പേജാണ് മൗദൂദി എഴുതിയത്.

ജമാഅത്തെ ഇസ്‌ലാമിയെ ഭരണകൂടം ഒന്നിലേറെ തവണ നിരോധിച്ചപ്പോഴും വൻ ഗൂഢാലോചനയിലൂടെ പാക് കോടതി തനിക്കെതിരെ വധശിക്ഷ വിധിച്ചപ്പോഴും ആയുധമെടുക്കാനല്ല, സഹനവും സംയമനവും പാലിക്കാനാണ് മൗദൂദി സാഹിബ് പാർട്ടി പ്രവർത്തകരോടാഹ്വാനം ചെയ്തത്.

ചുരുക്കത്തിൽ, ബഹളം സൃഷ്ടിച്ച് സമുദായത്തിന്റെ കൈയടി നേടുന്നതിന്റെ പേരല്ല ഇസ്‌ലാമിക പ്രബോധനം. പ്രത്യുത, കൃത്യമായ ലക്ഷ്യം മുന്നിൽവെച്ച് വ്യവസ്ഥാപിതത്വത്തോടും തികഞ്ഞ അവധാനതയോടും കൂടി കരുക്കൾ നീക്കുന്നതിന്റെ പേരത്രെ ജിഹാദും ദഅ്‌വത്തും. ■